പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1803

06/07/2015 - ൽ മറുപടിക്ക്

## കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽ കഴിഞ്ഞ വർഷം എത്രകോടി രൂപയുടെ പ്രവർത്തികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പ്രവർത്തി കളാണെന്നും വ്യക്തമാക്കാമോ ?

**മറുപടി**

**ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :**

(എ) കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മിക്കുന്നതിനായി നബാർഡ് RIDF XVI - ൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പ്രവർത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ സ്ഥലം എം.എൽ.എ, പഞ്ചായത്ത് അധികൃതർ, മറ്റു ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിന് പകരം സിങ്കിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് സിങ്കിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡിൽ നിന്നും അനുമതി ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി കഴിഞ്ഞവർഷം (2014-15) 625.68 ലക്ഷം രൂപ നബാർഡ് RIDF ലോണും 156.42 ലക്ഷം സംസ്ഥാന ഷെയറുമായി ആകെ 782.10 ലക്ഷം രൂപ വരുന്ന 3 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Name of Work | Administrative Santion (Rs. in Lakhs) | RIDF Loan |
|---|---|---|---|
| 1. | Construction of Mullakodi-Nanisseri Prassinikadavu road in Mayyil Panchayath | 458.85 | 367.08 |
| 2. | Construction of Manikandanchira-NH Road Kannukalipalam (Muttel Palam Road) | 228.25 | 182.60 |
| 3. | Construction of Puthenchira-Porumbakkunnu Pakarappally bridge with approach road in Puthenchira Panchayath | 95.00 | 76.00 |

സെക്ഷൻ ഓഫീസർ.